**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2420** **07-07-2022 - ൽ മറുപടിയ്ക്ക്**

**ദേശം-വല്ലംകടവ് റോഡ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആലുവ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന ദേശം-വല്ലംകടവ് റോഡ് പ്രവൃത്തിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; | (എ) | ആലുവ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോട്ടു കൂടി നടപ്പിലാക്കുന്ന ദേശം-വല്ലംകടവ് റോഡ് പ്രവൃത്തി നിലവിൽ Full Depth Reclamation (FDR) സാങ്കേതിക വിദ്യ ഉപയോഗിച്ച് നവീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>പദ്ധതിയുടെ പ്രാഥമിക എസ്റ്റിമേറ്റ് KIIFB-TRC തയാറാക്കിയിട്ടുണ്ട്. അന്തിമ എസ്റ്റിമേറ്റിനുള്ള നടപടികൾ പദ്ധതി നിർവഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) നടത്തിവരികയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (ബി) | ടി പദ്ധതിയുടെ അന്തിമ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള പ്രവൃത്തികൾ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് നടത്തി വരികയാണ്. എസ്റ്റിമേറ്റ് തയ്യാറാക്കി പ്രസ്തുത പ്രവൃത്തി ടെൻഡർ നടപടികളിലേയ്ക്ക് കടക്കുമ്പോൾ മാത്രമേ, പദ്ധതിയുടെ സമയ പരിധി നിശ്ചയിക്കപ്പെടുകയുള്ളു |
| (സി) | പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | നിലവിൽ തടസ്സങ്ങൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ